


# ക്രിസ്തുവിൽ പ്രകാശിതരാകുവിൻ

(നിയമാ. 8:11 – 20; ഏശയ്യാ 33:13 – 24; ഫിലി. 2:1 – 11; മത്തായി 4:12 – 17)

ബ്ര. എബിൻ കുരൂർ MCBS

Vol. 11, Issue: 18

**ജോ**ർദ്ദാനിലെ മാമ്മോദീസായ്ക്കും മരുഭൂമിയിലെ പരീക്ഷണത്തിനുംശേഷം ഏശയ്യാ പ്രവാചകനിലൂടെ വെളിപ്പെടുത്തപ്പെട്ട പ്രവചനത്തിന്റെ പൂർത്തീകരണമായി ദൈവഹിതപ്രകാരം ഈശോ തന്റെ ജന്മദേശമായ നസ്രത്തു വിട്ട് ഗലീലിയിൽ തന്റെ പരസ്യജീവിതത്തിന് സാഘോഷമായി ആരംഭം കുറിക്കുന്ന ഭാഗമാണ് ഇന്ന് സുവിശേഷത്തിൽ നാം കാണുക. ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നത് 'മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' എന്ന ആഹ്വാനവുമായാണ്. തന്റെ പാത ഒരുക്കുവാൻ വന്ന സ്നാപകൻ എന്ത് പറഞ്ഞുതുടങ്ങിയോ അതേ കാര്യം വീണ്ടും ആവർത്തിച്ചുകൊണ്ട് സ്നാപകൻ പൂർത്തീകരിക്കുന്നിടത്ത് ക്രിസ്തു ആരംഭം കുറിക്കുകയാണ്.

യേശുവിന്റെ ഭാഗധേയം യോഹന്നാന്റേതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല എന്നു സാരം. ക്രിസ്തു ഇഹലോകജീവിതത്തിൽ തന്റെ സർവ്വ ഉദ്യമങ്ങളിലൂടെ പ്രഘോഷിച്ചതും, അപ്പസ്തോലന്മാരെ ഭരമേൽപിച്ചതും, തിരുസഭ അനസ്യൂതം തുടരുന്നതും, സഭാമക്കളായ നാമോരോരുത്തരോടും ദൈവം ആവശ്യപ്പെടുന്നതും ഇതേ കാര്യം തന്നെയാണ്. മണവാളനെ എതിരേൽക്കുവാൻ വിളക്ക് കൊളുത്തി കരുതിയിരുന്ന വിവേകമതികളായ കന്യകമാരെപ്പോലെ ദൈവരാജ്യപ്രവേശനത്തിനായി സദാ ഒരുങ്ങിയിരിക്കുക; മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുക.

ഈശോയുടെ ഗലീലിയിലെ സാന്നിധ്യത്തെക്കുറിച്ച് അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടുവെന്ന് സുവിശേഷം പരാമർശിക്കുന്നുണ്ട്. ഇവിടെ അന്ധകാരം കൊണ്ട് ഗലീലിയരുടെ ധാർമ്മികവും ആദ്ധ്യാത്മികവുമായ അധഃപതനത്തെയാണ് സൂചിപ്പിക്കുന്നത്. യഹൂദരുടെ അധിവാസകേന്ദ്രമായിരുന്ന ഗലീലിയിൽ പിന്നീട് അസ്സീറിയൻ സൈന്യത്തിന്റെ ആക്രമണാനന്തരമുണ്ടായ വിജാതിയസാന്നിധ്യം യഹൂദരുടേതിൽ നിന്നും വ്യതിരക്തമായ വിജാതീയരുടെ ജീവിതശൈലി ആ പ്രദേശത്തെ സാരമായി ബാധിച്ചു. നന്മ-തിന്മകളെ വിവേചിച്ചറിഞ്ഞ് പ്രവർത്തിക്കുവാനും ദൈവഹിതപ്രകാരം ജീവിതത്തെ ക്രമീകരിക്കുവാനുള്ള ദൈവീകപ്രകാശം നഷ്ടപ്പെട്ട് ജനം മുഴുവൻ ഇരുളിലായി.

ഇവിടെ പ്രകാശമായി, ദീപ്തിയായി ക്രിസ്തു ഉദയം ചെയ്യുമ്പോൾ അവനെ അനുഗമിക്കുന്നവൻ ആരു തന്നെയായാലും ഇനിമേൽ അന്ധകാരത്തിൽ നടക്കേണ്ടിവരികയില്ല എന്ന ഉറപ്പ് നൽകുകയാണ്. ഇന്നത്തെ സുവിശേഷം ഒരേയൊരു കാര്യം മാത്രമേ നമ്മിൽ നിന്നും ആവശ്യപ്പെടുന്നുള്ളൂ. അത് മാനസാന്തരമാണ്. പക്ഷേ, ക്രിസ്തു വിവക്ഷിക്കുന്ന ഈ മാനസാന്തരം പാപങ്ങളിൽ നിന്നും പാപസാഹച

ര്യങ്ങളിൽ നിന്നും മാറിനടക്കുന്നതിലുപരിയായി അവനാകുന്ന പ്രകാശത്തിൽ സദാ വസിക്കലാണ്; ജീവിതവഴികളെ ക്രമീകരിക്കലാണ്. നിരന്തരം ജീവിക്കാനാവശ്യമായ ഊർജ്ജം അവനിൽ നിന്നും സ്വായത്തമാക്കുന്നതാണ്.

പഴയനിയമത്തിലെ പുറപ്പാട് സംഭവത്തിൽ മരുഭൂമി യാത്രയിൽ ദൈവം തന്നെ പ്രകാശസ്തംഭമായി ഇസ്രായേൽ ജനതയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. മോശയ്ക്ക് ദൈവം പ്രത്യക്ഷനായത് കത്തുന്ന മുൾപ്പടർപ്പിലെ പ്രകാശമായിട്ടായിരുന്നു. പ്രകാശമായ ദൈവം തന്നെ സാന്നിധ്യം കൊണ്ട് മോശയെ പ്രശോഭിപ്പിക്കുന്നുണ്ട്. 1 യോഹ. 1:5 തിരുവചനം ദൈവം പ്രകാശമാണെന്ന് വ്യക്തമായി പറയുന്നുണ്ട്. ദൈവം പ്രകാശമായത് ഈ പ്രകാശത്തിൽ ഞാൻ സദാ ചരിക്കുക വഴി അന്ധകാരത്തിൽ എന്റെ കാലുകൾ ഇടരാതിരിക്കേണ്ടതിനാണ്.

വൃക്ഷലതാദികൾ അവയ്ക്കാവശ്യമായ പോഷകപദാർത്ഥങ്ങൾ സൂര്യകിരണങ്ങൾ ഉപയോഗപ്പെടുത്തി തയ്യാറാക്കുന്നതുകൊണ്ടു തന്നെ ഭൂമിയിൽ ജീവൻ നിലനിൽക്കുന്നതിന് സൂര്യന്റെ പ്രകാശവും ചൂടും അത്യന്താപേക്ഷിതമാണെന്നു പറയാൻ സാധിക്കും. അതുപോലെ തന്നെ നമ്മുടെയൊക്കെ ജീവിതത്തിന് ഓജസ്സും തേജസ്സും ജീവനും നൽകുന്ന ക്രിസ്തുവാകുന്ന പ്രകാശത്തിനു പുറത്ത് എനിക്ക് ജീവിതത്തിൽ സ്ഥായിയായ മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുക സാധ്യമല്ല. കാരണം, ക്രിസ്തുവാകുന്ന പ്രകാശമാണ് എനിക്ക് നന്മ-തിന്മകളെക്കുറിച്ചുള്ള യഥാർത്ഥ വെളിച്ചം തരിക. ദൈവവുമായുള്ള ആഴമായ ബന്ധത്തിലായിരിക്കുമ്പോഴാണ് ഇന്ന് പഴയനിയമ വായനയിൽ ഏശയ്യാ പ്രവാചകൻ സൂചിപ്പിക്കുന്നതായി നാം കേട്ട നല്ല ഫലങ്ങൾ - മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ - നീതി പ്രവർത്തിക്കുവാൻ, സത്യം സംസാരിക്കുവാൻ, തെറ്റായ വഴികളിലൂടെയുള്ള നേട്ടം വെറുക്കാൻ, തിന്മ ദർശിക്കാതിരിക്കാൻ, കണ്ണുകൾ അടയ്ക്കാൻ എനിക്ക് സാധിക്കുക.

ഒന്നുചിന്തിച്ചാൽ ഒരുപക്ഷേ, നമ്മുടെയൊക്കെ ജീവിതത്തിൽ ചില മാറ്റത്തിന്റെ അവസ്ഥകൾ അനിവാര്യമാണെന്നതുപോലും ചിലപ്പോഴൊക്കെ നമുക്ക് കണ്ടെത്താൻ സാധിക്കാതെ വന്നേക്കാം. അപ്പോഴൊക്കെ ഒന്നു മാറിച്ചിന്തിക്കാൻ സങ്കീർത്തകന്റെ ദൈവത്തോടുള്ള ഒരു യാചന നമ്മെ സഹായിച്ചേക്കും. "സ്വന്തം തെറ്റുകൾ മനസ്സിലാക്കാൻ ആർക്കു കഴിയും? അറിയാതെ പറ്റുന്ന വീഴ്ചകളിൽ നിന്നും എന്നെ ശുദ്ധീകരിക്കേണമേ! ബോധപൂർവ്വം ചെയ്യുന്ന തെറ്റുകളിൽ നിന്നും ഈ ദാസനെ കാത്തുകൊള്ളേണമേ! അവ എന്നിൽ ആധിപത്യം ഉറപ്പിക്കാതിരിക്കട്ടെ. അപ്പോൾ ഞാൻ നിർമ്മലനായിരിക്കും. മഹാ അപരാധങ്ങളിൽ നിന്നും ഞാൻ വിമുക്തനായിരിക്കും" (സങ്കീ. 19:12-13).

ഈശോ ഒരിക്കൽ വി. ഫൗസ്റ്റീനായോട് പറഞ്ഞു: "നീ നിന്നിൽത്തന്നെ എന്താണെന്നു കാണുക. എന്നാൽ, അതിൽ ഭയപ്പെടേണ്ട. നിന്റെ അവസ്ഥ പൂർണ്ണമായും ഞാൻ വെളിപ്പെടുത്തിത്തന്നാൽ അതിന്റെ ഭീകരതയിൽ നീ മരിക്കും." ഈശോ വീണ്ടും പറയുന്നുണ്ട്: "നീ എത്രമാത്രം ദുർബലയാണെന്നു കണ്ടാലും; എപ്പോഴാണ് എനിക്ക് നിന്നെ വിശ്വസിക്കാൻ കഴിയുക." സ്വയം മനസ്സിലാക്കാൻ ദൈവിക പ്രകാശം എത്ര കണ്ട് കൂടിയേ തീരൂ.

ഒരിക്കൽ നാം ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കേണ്ടിവരുമ്പോൾ നമ്മുടെയൊക്കെ ശിക്ഷാവിധിയുടെ മാനദണ്ഡമായി നിൽക്കുന്നതും ക്രിസ്തുവാകുന്ന പ്രകാശത്തിൽ ഞാൻ എത്രകണ്ട് വ്യാപരിച്ചു എന്നുള്ളതു തന്നെയായിരിക്കും. വചനം പറയുന്നു: "ഇതാണ് ശിക്ഷാവിധി. പ്രകാശം ലോകത്തിലേയ്ക്കു വന്നിട്ടും മനുഷ്യൻ പ്രകാശത്തേക്കാളധികമായി അന്ധകാരത്തെ സ്നേഹിച്ചു." (യോഹ. 3:19).

ലോകത്തിന്റെ പ്രകാശമായ ഗുരുവിനെ അനുകരിച്ച് മറ്റുള്ളവർക്ക് പ്രകാശം നൽകുന്ന പ്രകാശഗോപുരമായി തീരേണ്ടവരാണ് നാമോരോരുത്തരും. വി. കുർബാനയിൽ പ്രകാശമായ ഈശോയെ ഉൾക്കൊള്ളുന്ന നാം മറ്റുള്ളവർക്ക് വഴിവിളക്കാകേണ്ടതാണ്. ജീവിതത്തെ രണ്ടടിയെങ്കിലും കാലിടറാതെ മുന്നോട്ടുനയിക്കുവാനുള്ള വെളിച്ചം തന്നിലുണ്ടോയെന്ന് സ്വയം ചിന്തിക്കേണ്ടത് ഒരു അനിവാര്യതയാണ്. പ്രകാശത്തിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലുമാണ് പ്രത്യക്ഷപ്പെടുന്നതെന്ന് വി. പൗലോസ് (എഫേ. 5:8-9) വ്യക്തമാക്കുന്നുണ്ട്. ആകയാൽ, ഇനിമേൽ എന്റെ കുടുംബത്തിന്, ചുറ്റുമുള്ളവർക്ക് ഞാനൊരു നന്മയുടെ സാന്നിധ്യമായി അനുഭവപ്പെടണം. എന്റെ അനുദിന ജീവിതത്തിൽ ഞാനുമായി ബന്ധപ്പെട്ടു നിൽക്കുന്നവരോട്, കണ്ടുമുട്ടുന്നവരോട് സ്നേഹത്തോടെ ഇടപെഴകാൻ സാധിക്കണം. സർവ്വവിധ വ്യാപാരങ്ങളിലും സത്യവും നീതിയും നിറഞ്ഞുനിൽക്കണം. അല്ലാത്തപക്ഷം ക്രിസ്തുവാകുന്ന പ്രകാശത്തിൽ നിന്നും ഒരുവൻ അകലെയാണ്.

നമ്മുടെ ഹൃദയാന്തരാളത്തിലെ അന്ധകാരം മാറ്റുന്ന നിത്യമാം പ്രകാശമായ ഈശോ ഈ ബലിയർപ്പണത്തിൽ നമ്മിലേയ്ക്ക് എഴുന്നള്ളിവരുമ്പോൾ നമുക്ക് പ്രാർത്ഥിക്കാം... ദൈവമേ, നീ ആകുന്ന പ്രകാശത്തിൽ സദാ വസിക്കുക വഴി എന്നിലുള്ള അന്ധകാരം പൂർണ്ണമായും നീങ്ങി ഞാനും മറ്റുള്ളവരുടെ പാദങ്ങൾ ഇടറാതിരിക്കാൻ ഒരു വഴിവിളക്കാകട്ടെ.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.